അധിക നികുതിയും നൽകേണ്ടതായിട്ടുണ്ട്. നിലവിലുള്ള നിയമം അനുസരിച്ച് ടി വിഭാഗക്കാർക്ക് നികുതിബാദ്ധ്യത ഉള്ളതുമൂലം നികുതിയിൽനിന്നും ഒഴിവാക്കണമെന്ന ആവശ്യം പരിഗണനാർഹമല്ലെന്നറിയിച്ചിട്ടുണ്ട്.

(സി) നിർവ്വാഹമില്ല.

വില്പന നികുതി വകുപ്പിൽ എസ്. റ്റി. ഒ.-മാരുടെ ഒഴിവുകൾ

20 [2484] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിൽപ്പന നികുതി വകുപ്പിൽ ഇപ്പോൾ എത്ര സെയിൽസ് ടാക്സ് ഓഫീസർമാരുടെ ഒഴിവുണ്ട്;

(ബി) പ്രസ്തുത വകുപ്പിലെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുമൂലം നികുതി പിരിവിനെ കാര്യമായി ബാധിച്ചിട്ടുണ്ടോ;

(സി) വില്പന നികുതി വകുപ്പിലെ പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വില്പന നികുതി ഉദ്യോഗസ്ഥരുടെ 38 ഒഴിവുകളുണ്ട്.

(ബി) വില്പന നികുതി ഓഫീസർമാരുടെ സീനിയോറിറ്റി സംബന്ധമായി നിരവധി കേസുകൾ നിലനില്ക്കുന്നതിനാലും ചില കേസുകളിൽ കോടതി സ്റ്റേ ഉള്ള തിനാലുമാണ് ഒഴിവുകൾ നികത്താൻ കഴിയാതിരുന്നത്. ഒഴിവുള്ള തസ്തികകളുടെ ചുമതല മറ്റ് ഉദ്യോഗസ്ഥന്മാർക്കു നൽകിയിട്ടുള്ളതിനാൽ നികുതി പിരിവിനെ കാര്യ മായി ബാധിച്ചിട്ടില്ല. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷത്തെക്കാൾ 14% അധിക നികുതി വരുമാനം ഈ വർഷം കൈവരിച്ചിട്ടുണ്ട്.

(സി) അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.

ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പന നികുതി

21 [2485] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പന നികുതിയായി ഫൈനാൻസ് ആക്ട് 5 ബി എ പ്രകാരം വീക്കിലി ഭാഗ്യക്കുറിക്ക് 2004 വരെ ലൈസൻസ് ഫീ ആയി എത്ര തുകയാണ് നൽകേണ്ടിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക വർദ്ധിപ്പിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly